Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## പാപികൾക്കും ശുദ്ധീകരണാത്മാക്കൾക്കും വേണ്ടിയുള്ള പ്രാർത്ഥന-Sinners



### പാപികൾക്കും ശുദ്ധീകരണാത്മാക്കൾക്കും വേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ അങ്ങ് എന്റെ ബുദ്ധിയിലും, ബോധ്യത്തിലും ഉണ്ടായിരിക്കുക, എന്റെ കാഴ്ചയിലും, നോട്ടത്തിലും ഉണ്ടായിരിക്കുക, എന്റെ അധരത്തിലും, സംസാരത്തിലും ഉണ്ടായിരിക്കുക, ദൈവമേ അങ്ങ് എന്റെ ഹൃദയത്തിലും ചിന്തയിലും വസിക്കുക, ദൈവമേ എന്റെ അവസാനത്തിലും, മരണത്തിലും ഉണ്ടായിരിക്കുക

നിത്യപിതാവേ! അവിടുത്തെ പ്രിയപുത്രനും ഞങ്ങളുടെ ഏകകർത്താവുമായ യേശുക്രിസ്തുവിന്റെ തിരുരക്തം ഇന്ന് ലോകമെമ്പാടും അർപ്പിക്കപ്പെടുന്ന ദിവ്യബലികളോട് ചേർത്ത് ശുദ്ധീകരണ സ്ഥലത്തിലെ എല്ലാ ആത്മാക്കൾക്കു വേണ്ടിയും, ലോകം മുഴുവനിലുമുള്ള എല്ലാ പാപികൾക്കു വേണ്ടിയും, തിരുസഭയിലുള്ള എല്ലാ പാപികൾക്കു വേണ്ടിയും, എന്റെ കുടുംബത്തിലും തലമുറകളിലുള്ളവർക്കു വേണ്ടിയും ഞാൻ കാഴ്ച വയ്ക്കുന്നു. (1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.)

(വി. ജെർത്രൂദിനോട് കർത്താവ് പറഞ്ഞു: 'ഈ പ്രാർത്ഥന ഓരോ പ്രാവശ്യം ചൊല്ലുമ്പോഴും ആയിരം ആത്മാക്കളെ ശുദ്ധീകരണ സ്ഥലത്തു നിന്ന് സ്വർഗ്ഗത്തിലേക്ക് ഞാൻ കൊണ്ടുപോകുന്നു'. ആയതിനാൽ, നമുക്കും ഈ പ്രാർത്ഥന ഏറ്റുപറഞ്ഞ് ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കാം.)

തിരുവചനം

വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല (ഹെബ്രായർ 12:14).

'അവർ ഇങ്ങനെ ചിന്തിച്ചു. എന്നാൽ, അവർക്കു തെറ്റുപറ്റി. ദുഷ്ടത അവരെ അന്ധരാക്കി. ദൈവത്തിന്റെ നിഗൂഢ ലക്ഷ്യങ്ങൾ അവർ അറിഞ്ഞില്ല, വിശുദ്ധിയുടെ പ്രതിഫലം പ്രതീക്ഷിച്ചില്ല. നിരപരാധർക്കുള്ള സമ്മാനം വിലവച്ചില്ല. ദൈവം മനുഷ്യനെ അനശ്വരതയ്ക്കു വേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമിച്ചു' (ജ്ഞാനം 2:21-23).

'വിനീതന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ച് കയറുന്നു, അത് കർതൃസന്നിധിയിലെത്തുന്നത് വരെ അവൻ സ്വസ്ഥനാവുകയില്ല; ന്യായവിധി നടത്തി നിഷ്കളങ്കന് നീതി നൽകാൻ അത്യുന്നതൻ സന്ദർശിക്കുന്നത് വരെ അവൻ പിവാങ്ങുകയില്ല' (പ്രഭാഷകൻ 35:21).

+++